പരിസ്ഥിതി ദിനാചരണ പരിപാടികൾ, Entrepreneurship Development Institute of India മായി ചേർന്ന് സംരംഭകത്വ വികസന പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി.റ്റി.സി. യുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ്. മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്.മായി ചേർന്ന് പുനർജനി, ജീവദായിനി, യുവമാധ്യമ ശില്പശാല, ചിത്ര രചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവനേതൃത്വ പരിശീലന ക്യാമ്പ്, യുവജനദിനാചരണം, പരിസ്ഥിതി ദിനാചരണം, എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

യൂത്ത് റിസോഴ്സ് സെന്ററുകൾ

362 (702) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികയുവജനകാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് യുവജനക്ഷേമ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇതിലേയ്ക്കായി കേന്ദ്രസഹായം ലഭിക്കുന്നില്ല.

(സി) ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പെരിങ്ങമ്മല ബ്ലോക്ക് പഞ്ചായത്ത് ഇതിനായി സ്ഥലം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു പരീക്ഷണം എന്ന നിലയ്ക്ക് യൂത്ത് റിസോഴ്സ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതിനായി മൂന്ന് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയശേഷം മറ്റ് ബ്ലോക്കുകളിലേക്ക് വ്യാപിപ്പിക്കുന്നകാര്യം ആലോചിക്കുന്നതാണ്.

യുവജനക്ഷേമ പ്രവർത്തനങ്ങൾ

363 (703) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പരിപാടികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ചെലവഴിച്ച തുകയുടെ മണ്ഡലഅടിസ്ഥാനത്തിലുള്ള വിവരങ്ങൾ വിശദമാക്കാമോ ;

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിപാടികൾ ഏതൊക്കെയാണെന്നും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എതൊക്കെയാണെന്നും വ്യക്തമാക്കാമോ ?